1 സോദരെ, കേൾപ്പിൻ
കൂടിവരിൻ, ശ്രദ്ധിച്ചിടുവിൻ
സാദരമിതു കൈക്കൊൾ
വുടയോന്റെ തിരുസന്ദേശം
ആദരണീയം ഹാ
മോദകരമിത്തിരുബലിയാ–
ണാദിമപാപത്തെ
മോചിച്ചൊരു ദൈവികയാഗം
ആദിമ ഗോത്രപിതാക്കൾ
നിബിമാർ പൂർവ്വപിതാക്കളുമർപ്പിച്ച

ഊമജന്തു ബലിതീർ–
ത്തുടയോൻ സ്വയമേ ബലിയായി

2 ദൈവിക കുഞ്ഞാടാം
മിശിഹായിൻ രക്തബലിയാൽ
മോശൈകബലി പു–
ജാദികളെ തീർത്തു തുടച്ചു
പൂർവ്വികയാഗത്തെ
മാറ്റി ദൈവിക ത്രോണസിൽ
അപ്പം വീഞ്ഞെന്നിവ
മിശിഹായിൻ ബലിസാധനമായ്
മൽക്കിസദേക്കിൻ ക്രമമായ്
മിശിഹാ ശ്ലീഹർക്കരുളിയ യാഗം
തൽസ്മരണയ്ക്കായി–
ട്ടവർ തുടരാനരുളിച്ചെയ്തു.

3. ആദാമിൻ പാപം
തീർത്തിടുവാൻ വചനം ജഢമായ്
താത നിയോഗത്താൽ
മറിയാമിന്നുദരേ വാണു.
കാലത്തികവിങ്കൽ
കന്യക തന്നെ പ്രസവിച്ചു
ബേതിലഹേമോഫ്ര–
ത്തായിങ്കൽ അത്ഭുതമുളവായ്
തൻ യാഗത്തിൻ മുന്നം
സന്ധ്യയിലീശൻ ശിഷ്യരോടോതി

തൻ ശിഷ്യരിൻ മൂവർ
പെസഹായെ തയ്യാറാക്കി

4 മർക്കോസിൻ മാളിക
യലംകൃതമായ് പെസഹാ നാളിൽ
മിശിഹാ തൻ ശിഷ്യരൊ–
ടൊത്തവിടെയാഗതനായി
തൻ ശിഷ്യർ പാദ–
ങ്ങൾ കഴുകിയവരെയിരുത്തി
പൂർവ്വിക പെസഹായെ
തീർത്തു നവീനമാരംഭിച്ചു
താനവരോടോതിയിദം–
നിങ്ങടെ ഗുരുവും കർത്തനുമാം ഞാൻ
പാദം കഴുകിയപോ–
ലന്യോന്യം നിങ്ങൾ ചെയ്‌വിൻ

5 മണ്ണാലാദത്തെ
മെനഞ്ഞൊരു തൃക്കൈകളിലീശൻ
നൂതന നിയമത്തിൻ
പുളിമാവിന്നപ്പമെടുത്തു
താതനു സ്തുതിയേറ്റി–
ട്ടായതിനെ വാഴ്ത്തി മുറിച്ചു.
ശിഷ്യർക്കു പകുത്തു,
ചൊന്നവരോടീവിധമേശു:–
നിങ്ങൾക്കുമനേകർക്കും
കടപാപങ്ങൾ പരിഹൃതമാവാൻ
ഖണ്ഡിച്ചേകുന്നോ–
രെന്റെ ശരീരം ഭക്ഷിപ്പിൻ

6 അത്താഴാനന്തരം
മിശിഹാ തൃക്കൈകളിലേന്തി
നീരും വീഞ്ഞും സമ–
മായി ചേർത്തൊരു ജീവകാസാ.
താതനു സ്തുതിയേറ്റി–
ട്ടായതിനെ വാഴ്ത്തിച്ചൊന്നു–
എൻ നൂതന നിയമ–
ക്കാസായെ പാനം ചെയ് വിൻ
നിങ്ങൾക്കുമനേകർക്കും
കടപാപങ്ങൾ പരിഹൃതമാവാൻ

ചൊരിയപ്പെടുമെന്റെ
രക്തമതെന്നുടയോനരുളി

7 ഈ തിരുബലി മ്ശിഹാ–
യീവിധമായാരംഭിച്ചു
തൻ ശിഷ്യഗണങ്ങൾ
ക്കിതു തുടരാൻ നൽവരമേകി
തൻ ജീവരഹസ്യം
മർമ്മമതാമീ ബലി ശിഷ്യർ
തൻ വരവുവരെയും
നിലനിർത്താനേർപ്പാടാക്കി
വരുവിൻ, പങ്കിട്ടിടുവിൻ
പ്രാപിച്ചിടുവിൻ, നൽവരദാനം,
സോദരരേ! നിങ്ങൾ
ശോധിപ്പിൻ ആത്മവിശുദ്ധി.

8 നാഥൻ ചൊന്നേവം
യാതൊരുവൻ ബലിയർപ്പിപ്പാൻ
വന്നെത്തുന്നേരം
തൻ സോദര വൈരമതോർത്താൽ
യാഗത്തിൻ മുമ്പേ–
യവനൊടു നീ നിരപ്പാവേണം
പിന്നീടർപ്പിക്കു
ശാന്തി സമാധാന ബലികൾ
കാണപ്പെടുമീ സോദരനെ
സ്നേഹിക്കാതെങ്ങിനെ സേവിക്കും

കാണാനാവാത്തൊരു
സ്നേഹേശ്വരനാം ദൈവത്തെ?

9 സ്നേഹത്തോടെന്നും
സ്നേഹിപ്പിൻ തമ്മിൽത്തമ്മിൽ
എൻ ശിഷ്യരെയേവം
ലോകങ്ങൾ ശോധിക്കട്ടെ!
ഭൂസീമകളോളം
ഘോഷിപ്പീനെൻ സുവിശേഷം
എൻ സാക്ഷികളായി
ശോഭിപ്പീൻ ഭൂതലമെങ്ങും
ഞാനും മുന്തിരി തന്റെ
ചില്ലകളാം നിങ്ങളിലെന്നെന്നും
കായിച്ചിടട്ടെ
സൽമുന്തിരിക്കുലകൾ നിത്യം

10 ഞാൻ ലോകത്തിന്റെ
പ്രഭ തന്നെ, നിങ്ങളുമെന്നിൽ
ശോഭിച്ചീടേണം
തൽ പ്രഭയാൽ മറ്റുള്ളവരും
ശോഭിതരാവേണം;
ഈ ദീപം മങ്ങീടരുത്;
എൻ വരവുവരേയും
ഘോഷിപ്പീനാകർഷിപ്പിൻ
ഭൂവാസികളെല്ലാമീ
പ്രഭയിൽ ശോഭിച്ചീടട്ടെന്നും

ലോകാന്ത്യത്തോളം
ഞാനുണ്ടാം നിങ്ങളൊടൊത്ത്

11 എന്നരുളീനാഥൻ
താതൻ സന്നിധി പൂകിടാൻ
നാളാഗതമായ
ന്നൊലിവിൻ മലതന്നിൽ ചെന്ന്
തൻ തൃക്കൈ നീട്ടി
വാഴ്വരുളി ശിഷ്യർക്കുടയോൻ
പാറക്കലീത്തായെ
നിത്യമിരിപ്പാൻ വിടുമെന്ന്
അരുളീ ഉടയോനവരോടായ്
ഏറീ സ്വർഗ്ഗോന്നതമതിലായ്

താതൻ വലഭാഗേ മദ്ധ്യസ്ഥൻ
സ്ഥിതിചെയ്യുന്നു.

12 സോദരരെ! ഓർപ്പിൻ
ന്യായവിധിനാൾ വരുമെന്ന്
വാനവദൂതന്മാർ
കാഹളനാദം ഘോഷിക്കും
സ്വർഗ്ഗീയ സേനകൾ ത-
ന്നകമ്പടിയായ് നാഥൻ വരുമെ
വാനമേഘതലത്തിൽ
സ്വർഗ്ഗീയ ഗാനങ്ങൾ കേൾക്കും
വിധിയുടെ താഴ്വര തന്നിൽ
എരിതീ സിംഹാസനമതൊരുക്കും.
മിശിഹായാരൂഢനായ്
ന്യായവിധിയാരംഭിക്കും

13 ഓരോരുവനും വി-
റകൊണ്ടവിടെയാഗതനാകും
ചെയ്തവയാം ക്രിയകൾ
വെളിവായ് വിസ്താരം ചെയ്യും
വിധിന്യായം കേൾപ്പാൻ
സംഭ്രമമോടു നിന്നിടുമപ്പോൾ
സൽക്കർമ്മികൾ സ്വർഗ്ഗീയ-
മണവറയിലാനന്ദിക്കും
ദുഷ്കർമ്മികളെരിതീയിൽ
ജ്വാലകളിടയിൽ മുങ്ങിടുമപ്പോൾ

ഈ ഭീകരരംഗം
ചിന്തിപ്പിൻ, ഭയമാർന്നീടുവിൻ

14 സ്വർഗ്ഗീയ മണവറയിൽ
പരിശുദ്ധരാനന്ദിക്കും
വാനവ ദൂതരുമൊ-
ത്തവരവിടെ ഹാലൽ പാടും
ദുഷ്കർമ്മികളെരിതീ-
നരകത്തിൽ ദുരിതപ്പെടുമെ
ബഹുവിധ ദണ്ഡനവും
യാതനയും അവർ പ്രാപിക്കും
നീയതിലേതൊരു സ്ഥാനം
പ്രാപിച്ചിടുമെന്നോർപ്പീനിപ്പോൾ

സ്വർഗ്ഗം പ്രാപിപ്പാൻ
കർത്താവിന്നിഷ്ടം ചെയ്വിൻ

15 മണവാളൻ മിശിഹാ
എഴുന്നെള്ളി വരുമാനേരം
ധീമതി കന്യകമാ-
രൊത്തവനെ എതിരേറ്റീടാൻ
ദീപേഷ്ടികളെ
സ്നേഹത്താൽ ശോഭിപ്പിക്ക
ഭോഷികളാം കന്യക-
മാരെപ്പോൽ നീയാകരുത്
'ഞാൻ നിങ്ങളെയറിയില്ല
ഇരുളിൻ മറവിൽ നിങ്ങൾ പോവിൻ'

കൈയ്പ്പേറിയ ശബ്ദം
നീ കേൾപ്പാനിടയാകരുതെ!

16 സോദരരെ! നിങ്ങൾ
ഈ ലോകെ സമ്പാദിപ്പിൻ
ശാശ്വത രാജ്യത്തെ-
യ്ക്കുള്ളവയാം പഥേയങ്ങൾ
മരണം ന്യായവിധി
തീനരകം, മോക്ഷമിവയെ
ഓർത്തെല്ലായ്പ്പോഴും
കർത്താവിന്നിഷ്ടം ചെയ്വിൻ

നല്ലോരന്ത്യം പ്രാപി-
ച്ചേറീടും നീ പറുദീസായിൽ

വാനവരുടെ കൂടെ
ശാശ്വതവാസം നീ നേടും

compiled by:L/L HG Perumbalil Geevarghese Mar Gregorios